# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **15/03/2017 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 3852**

## നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി ചെയ്ത കാര്യങ്ങൾ

| | ശ്രീ. ടി.വി. ഇബ്രാഹിം | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| | ചോദ്യം | | മറുപടി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി വ്യവസായിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വ്യവസായ ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകൾ നവീകരിക്കുന്നതിനും വൈദ്യുതി, ജല സൗകര്യം, ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, പൊതു സേവന കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സ്ഥിരമായി ബഡ്ജറ്റിൽ വിഹിതം നൽകി പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ സൗഹൃദമേഖലയായി മാറ്റുന്നതിനുമായി നിലവിലുള്ള നിയമങ്ങളിലും, ചട്ടങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങളും വരുത്തുന്നതിനായി ' ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ' നടപ്പിലാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചു വരുന്നു. കേന്ദ്ര സർക്കാരിനു കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി.ഐ.പി.പി) -ന്റെ റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ വാണിജ്യ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി കെ.എസ്.ഐ.ഡി.സി. യെ നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും അപേക്ഷ ഫോമുകൾ ഏകീകരിച്ചു കൊണ്ട് ഓൺലൈൻ വഴിയുള്ള ഒരു പൊതു അപേക്ഷ ഫോം (CAF) നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എൻ.ഐ.സി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കെട്ടിട നിർമ്മാണ പ്ലാൻ അംഗീകരിക്കുന്നതിനും അനുമതി പത്രം വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി ഒരു ഇന്റലിജന്റ് സോഫ്റ്റ് വെയർ പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | ജിം (ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്) പോലെയുള്ള പരിപാടികൾ നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദീകരിക്കാമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | മുഖ്യമന്ത്രി/മന്ത്രിമാർ എന്നിവരുടെ വിദേശ യാത്രകളിൽ കേരളത്തിലെ വ്യവസായ രംഗത്തെ നിക്ഷേപങ്ങൾക്ക് ധാരണാ പത്രം ഒപ്പുവെച്ചിട്ടുണ്ടോ; | (സി) & (ഡി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | ഉണ്ടെങ്കിൽ ഏത് രാജ്യം, വ്യവസായം, തുക തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ